LIBRARY ARCHIVES Kerala Legislative Assembly

യാത്രക്കാരുമായി പെട്രോൾ പമ്പുകളിൽ നിന്നും ഇന്ധനം നിറയ്ക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി

356 (3990) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാരെ കയറ്റിയതിനുശേഷം വാഹനങ്ങൾ പെട്രോൾ പമ്പുകളിൽ നിന്നും ഇന്ധനം നിറയ്ക്കാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ബസ് ജീവനക്കാരുടെ നടപടി യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം വാഹനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 'യാത്രക്കാരെ കയറ്റിയതിനുശേഷം വാഹനങ്ങൾ ഇന്ധനം നിറയ്ക്കാൻ പാടില്ല' എന്ന് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 46(2)(ഒ) അനുശാസിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വിഷയം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ കാഞ്ഞിരപ്പള്ളി ജോയിന്റ് ആർ.ടി.ഒ.-യോട് റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

ഓട്ടോറിക്ഷകൾക്ക് അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്

357 (3991) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓട്ടോറിക്ഷകൾക്ക്അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്, സഞ്ചരിക്കാൻ കഴിയുന്ന ദൂരം എന്നിവ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നിങ്ങനെ ഓരോ കാറ്റഗറിയിലും അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്, സഞ്ചരിക്കാൻ കഴിയുന്ന ദൂരം ഇവ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) എല്ലാ സ്ഥലങ്ങളിലും ഓട്ടോറിക്ഷകളുടെ മിനിമം നിരക്ക് 20 രൂപ യായും കി.മീ. നിരക്ക് 10 രൂപയായും, മിനിമം നിരക്കിൽ സഞ്ചരിക്കാവുന്ന ദൂരം 1.5 കി.മീ. ആയുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ഏതു സ്ഥലത്തും രാത്രി 10 മണിമുതൽ രാവിലെ 5 മണിവരെയുള്ള ഓട്ടോറിക്ഷ യാത്രകൾക്ക് മീറ്റർ ചാർജിന്റെ 50% തുക കൂടി അധികമായി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. രാവിലെ 5 മണിക്കും രാത്രി 10 മണിക്കും ഇടയ്ക്ക് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷൻ മേഖലകളിലും കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ മേജർ ടൗണുകളിലും മീറ്ററിൽ കാണുന്ന ചാർജ്ജ് മാത്രമേ ഓട്ടോറിക്ഷകളിൽ ഈടാക്കാവൂ. എന്നാൽ ഇതേ സമയത്ത് ഈ കോർപ്പറേഷനുകളുടെയും മേജർ ടൗണുകളുടെയും പരിധിക്കപ്പുറത്തുള്ള ഏതു സ്ഥലത്തും ഒരു ദിശയിലേയ്ക്കുള്ള യാത്രയോടൊപ്പം മടക്ക യാത്രയുമുണ്ടെങ്കിൽ മീറ്ററിൽ കാണുന്ന തുകയും, മടക്കയാത്ര ഇല്ലാതെ ഒരു ദിശയിലേക്കുള്ള യാത്ര മാത്രമേ ഉള്ളൂ എങ്കിൽ മീറ്ററിൽ കാണുന്ന തുകയിൽനിന്നും മിനിമം ചാർജ്ജ് കുറച്ചു കിട്ടുന്ന തുകയുടെ 50%-ഉം കൂടി മീറ്റർ ചാർജ്ജിനോടൊപ്പം അധികമായി ഈടാക്കുന്നതിനും ടി സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിട്ടാത്ത 3747,3810,3831 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

ചോദ്യോത്തരങ്ങൾ കഴിഞ്ഞു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly